# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/254/2018 2018 നവംബർ 27

## എം.ജി. വാർത്താക്കുറിപ്പ്

---

## ഒരുമയുടെ നേട്ടം മധുരംവിതരണം ചെയ്ത് ആഘോഷിച്ച് എം.ജി. സർവകലാശാല

**ചാൻസലേഴ്സ് അവാർഡ് കൂട്ടായ യത്നത്തിന്റെ ഫലം: വൈസ് ചാൻസലർ ഡോ. സാബു തോമസ്**

ഒത്തൊരുമയുടെ വിജയകഥകൾ പറഞ്ഞും മധുരംവിതരണം ചെയ്തും മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് പുരസ്കാരനേട്ടം മഹാത്മാ ഗാന്ധി സർവകലാശാല ആഘോഷിച്ചു. സർവകലാശാല അസംബ്ലി ഹാളിൽ അധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാർഥികളുടെയും അനുമോദന യോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

സിൻഡിക്കേറ്റിന്റെയും അധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാർഥികളുടെയും കൂട്ടായ യത്നത്തിലൂടെയാണ് മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് പുരസ്കാരം നേടാൻ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞതെന്ന് പ്രൊഫ. സാബു തോമസ് പറഞ്ഞു. എം.ജി.യെ ഇന്ത്യയിലെ മികച്ച 10 സർവകലാശാലകളിലൊന്നായി മാറ്റണം. പരീക്ഷ ഫലങ്ങൾ അതിവേഗത്തിൽ പ്രസിദ്ധീകരിക്കുകയാണ് മുഖ്യലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു.

സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, വി.എസ്. പ്രവീൺ കുമാർ, ഡോ.എം.എസ്. മുരളി, പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. കെ.എം. കൃഷ്ണൻ, പ്രൊഫ. സന്തോഷ് പി. തമ്പി, പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. റോയ് സാം ഡാനിയേൽ, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ, ഫിനാൻസ് ഓഫീസർ എബ്രഹാം ജെ. പുതുമന, ഐ.ക്യൂ.എ.സി. ഡയറക്ടർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സെനറ്റംഗങ്ങളായ ഡോ. എസ്. അനസ്, പി. പത്മകുമാർ, അധ്യാപക-സർവീസ് സംഘടന പ്രതിനിധികളായ ഡോ. സി. വിനോദൻ, വി.പി. മജീദ്, എൻ. മഹേഷ്, പി.കെ. രമേശ് കുമാർ, കെ.ജി. ഷാജി, റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ ഭാരവാഹി വി. വിജേഷ്, ഐ.ക്യൂ.എ.സി. ജോയിന്റ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ജോയിന്റ് രജിസ്ട്രാർ കെ. കോമളവല്ലി എന്നിവർ പ്രസംഗിച്ചു.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**